പരമകാരുണികനും ഏറ്റവും ദയാപരനുമായ അല്ലാഹുവിന്റെ നാമത്തിൽ

# വയനാശീലമുള്ള സമൂഹം രൂപപ്പെടുത്തുന്നതിന്

വിജ്ഞാനത്തെ, രാഷ്ടങ്ങളുടെ വികസനത്തിനും സംസ്കാരങ്ങളുടെ സമൃദ്ധിക്കും അടിസ്ഥാന ശിലയാക്കിയവനും ഇഹപരലോകങ്ങളുടെ പ്രഭുവുമായ അല്ലാഹുവിന് സ്തുതി. സകല ഊർജ്ജവും ശേഷിയും ഉപയോഗിച്ച് വിജ്ഞാനമാർജ്ജിക്കാൻ അല്ലാഹു തന്റെ ദാസരോട് ആജ്ഞാപിച്ചു. അല്ലാഹുവല്ലാതെ ആരാധനയ്ക്ക് യോഗ്യനായ മറ്റൊരു ദൈവമില്ലെന്നതിനും അല്ലാഹുവിന്റെ ദാസനും ദൂതനുമാണ് മുഹമ്മദ് നബി (സ്വ) എന്നതിനും ഞാൻ സാക്ഷ്യം വഹിക്കുന്നു. ജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വിജ്ഞാനവും വിദ്യാഭ്യാസവും ആർജ്ജിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിനുമാണ് മുഹമ്മദ് നബി (സ്വ) അയയ്ക്കപ്പെട്ടത്. മുഹമ്മദ് നബിയിലും (സ്വ) അവന്റെ കുടുംബാംഗങ്ങളിലും അനുയായികളിലും ആത്മാർത്ഥതയോടെ അവനെ പിന്തുടർന്നവരിലും, ഉയിർത്തെഴുന്നേൽപ്പിന്റെ നാൾ വരെ അല്ലാഹു സമാധാനവും ബഹുമതിയും ചൊരിയട്ടെ.

അല്ലാഹുവിന്റെ ദാസരേ!

അല്ലാഹുവിനെ ഭയപ്പെടുക, അവനെ ഭയപ്പെട്ടാൽ മയക്കങ്ങളിൽ നിന്ന് അവൻ നിങ്ങളെ സംരക്ഷിക്കും, നീതിവിചാരണകളിൽ നിന്ന് പരിരക്ഷിക്കും. [സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കുവാനുള്ള കഴിവ് അവനുണ്ടാക്കിത്തരികയും, അവൻ നിങ്ങളുടെ തിന്മകൾ മായ്ച്ചുകളയുകയും, നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു] (സൂറത്ത് അൽ അൻഫാൽ 29). അല്ലാഹു നിങ്ങളിൽ വിജയം ചൊരിയട്ടെ, നിങ്ങളുടെ ദിവസത്തിലെ മണിക്കൂറുകൾ വിജ്ഞാനം തേടുന്നതിന് ഉപയോഗിക്കുക എന്നതാണ് നിങ്ങൾക്ക് ചെയ്യാവുന്ന ഏറ്റവും നല്ല കാര്യമെന്നും നിങ്ങളുടെ സമയത്തെ നിറയ്ക്കുന്നതിന് ഉപയോഗിക്കാൻ പറ്റിയ ഏറ്റവും മികച്ച പ്രവർത്തിയാണ് വിജ്ഞാനം ആർജ്ജിക്കലെന്നും മനസ്സിലാക്കുക. വിജ്ഞാനത്തിന്റെയും വിജ്ഞാനികളായിരിക്കുന്നതിന്റെയും (വിദ്യാഭ്യാസം നേടുന്നതിന്റെയും) പ്രയോജനങ്ങളെ കുറിച്ച് വിശുദ്ധ ഖുറാനിലെയും സുന്നയിലെയും സൂക്തങ്ങൾ ഊന്നിപ്പറയുന്നുണ്ട്, വിദ്യാഭ്യാസം നേടുന്നതിനും വിജ്ഞാനം ആർജ്ജിക്കുന്നതിനും നിഷ്കർഷിക്കുന്നുമുണ്ട്. വിജ്ഞാനവും ജോലിയും ഒരുപോലെ നൽകിക്കൊണ്ട് ഈ രാഷ്ട്രത്തെ സർവ്വശക്തനായ അല്ലാഹു ആദരിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ, വിജ്ഞാനത്തിലാണ് മഹത്വം രൂപപ്പെടുന്നത്, സംസ്കാരങ്ങൾ അടിസ്ഥാനമാക്കുന്നതും വിജ്ഞാനം തന്നെ. വിജ്ഞാനം ഉണ്ടെങ്കിൽ മാത്രമേ, സ്വന്തം വ്യക്തിത്വം

രൂപപ്പെടുത്താനും അല്ലാഹുവിന്റെ യഥാർത്ഥ ദാസനായിരിക്കാനും നല്ല സംഭാവനകൾ നൽകിക്കൊണ്ട് കുടുംബത്തിനെയും സമൂഹത്തെയും രാഷ്ട്രത്തെയും സേവിക്കുന്നതിനും, ഒരു മുസ്ലീം മതവിശ്വാസിക്ക് പോലും, കഴിയുകയുള്ളൂ. എന്നാൽ, അജ്ഞതയാണ് ഒരു രാഷ്ട്രത്തിൽ നില നിൽക്കുന്നതെങ്കിൽ, അതിന്റെ തൂണുകൾ നശിക്കുന്നു, അതിന്റെ ഘടന തകർക്കപ്പെടുന്നു. അതുകൊണ്ടാണ് ഇസ്ലാം മതത്തിൽ വിജ്ഞാനത്തിന്റെ ആവശ്യകത ഊന്നിപ്പറയുന്നത്. വ്യക്തികളുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതും അവരുടെ സമുദായങ്ങളെ നിർമ്മിക്കുന്നതും വിജ്ഞാനമാണ്. വിശുദ്ധ ഖുറാനിലെ ആദ്യ സൂറത്തിൽ (അധ്യായത്തിൽ) സർവ്വശക്തനായ ദൈവം ഇങ്ങനെ പറയുന്നു, [സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു] (സൂറത്ത് അൽ അലഖ് 1 - 5). വിജ്ഞാനികളുടെ പദവി ഉയർത്തിക്കാട്ടുന്ന സർവ്വശക്തനായ അല്ലാഹു ഇങ്ങനെ പറയുന്നു, [സത്യവിശ്വാസികളേ, നിങ്ങൾ സദസ്സുകളിൽ സൌകര്യപ്പെടുത്തി കൊടുക്കുക എന്ന് നിങ്ങളോടു പറയപ്പെട്ടാൽ നിങ്ങൾ സൌകര്യപ്പെടുത്തികൊടുക്കണം. എങ്കിൽ അല്ലാഹു നിങ്ങൾക്കും സൌകര്യപ്പെടുത്തിത്തരുന്നതാണ്. നിങ്ങൾ എഴുന്നേറ്റ് പോകണമെന്ന് പറയപ്പെട്ടാൽ നിങ്ങൾ എഴുന്നേറ്റ് പോകണം. നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു] (സൂറത്ത് അൽ മുജാദില 11).

പ്രിയ വിശ്വാസികളേ!

പ്രവാചകന്റെ ജീവിതം / ജീവചരിത്രം (അൽ-സീറ അൽ-നബവിയ്യ) സസൂക്ഷ്മം നിരീക്ഷിച്ചാൽ, അല്ലാഹുവിന്റെ ഈ ആജ്ഞയോട് ആവശ്യമായ രീതിയിൽ അല്ലാഹുവിന്റെ ദൂതനായ നബിയും (സ്വ) അനുയായികളും പ്രതികരിച്ചതായി കാണാൻ കഴിയും. അതുകൊണ്ട്, വായനയിലും എഴുത്തിലും അവർ മുഴുകി, കാരണം അറിവിന്റെ അതിശയിപ്പിക്കുന്ന പ്രഭാവങ്ങൾ അവർക്ക് അറിയാമായിരുന്നു. ഇക്കാര്യങ്ങൾക്ക് (വായനയ്ക്കും എഴുത്തിനും) നബി തിരുമേനി വളരെയധികം പ്രാധാന്യം നൽകിയിരുന്നുവെന്ന് നമുക്കറിയാം. ബദർ യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ടവരിൽ ചിലരോട്, മോചനം വേണമെങ്കിൽ വിചിത്രമായ ഒരു കാര്യം ചെയ്യുന്നതിനാണ് മുഹമ്മദ് നബി (സ്വ) ആവശ്യപ്പെട്ടത്. പത്ത് മുസ്ലീങ്ങളെ എഴുത്തും വായനയും പഠിപ്പിക്കുന്ന തടവുകാരെ വെറുതെ വിടാം എന്നായിരുന്നു നബി തിരുമേനി (സ്വ) നൽകിയ വാഗ്ദാനം. തനിക്കുണ്ടായ വെളിപാടുകളെ കുറിച്ച് എഴുതിവച്ച ഒട്ടനവധി ചുരുളുകൾ ബാക്കിവച്ചാണ് നബി തിരുമേനി മരണമടഞ്ഞത്. വിശുദ്ധ ഖുറാൻ സമാഹരിച്ചത് മുഹമ്മദ് നബി ആയിരുന്നുവല്ലോ. നബിയുടെ (സമാധാനവും ആദരവും അവനിൽ അല്ലാഹു ചൊരിയട്ടെ) ജീവിത കാലയളവിലുടനീളം, പല സന്ദേശങ്ങളും ഉടമ്പടികളും അദ്ദേഹം എഴുതുകയുണ്ടായി. നബിയുടെ മാതൃക പിന്തുടർന്നുകൊണ്ടാണ് മുസ്ലീങ്ങൾ അജ്ഞതയിൽ നിന്ന് സാക്ഷരതയിലേക്ക് മാറിയത്. ലോകത്തിലുള്ള മറ്റ് രാജ്യങ്ങളിലേക്ക് ഇസ്ലാമിക ശാസ്ത്രം പടർന്നു. ഈ വിജ്ഞാനവും ശാസ്ത്രവും കൊണ്ട് രാഷ്ടങ്ങളിൽ വെളിച്ചം പരന്നു.

പ്രിയ മുസ്ലീങ്ങളേ!

ലോകശക്തികളായ രാഷ്ട്രങ്ങൾക്ക് ശക്തി പകരുന്നത് അവരുടെ സൈന്യവും ആയുധങ്ങളും സാമ്പത്തിക മേൽക്കോയ്മയും മാത്രമല്ല. ഇതുവരെ അവർ ആർജ്ജിച്ചിട്ടുള്ള വിജ്ഞാനവും ശാസ്ത്രങ്ങളും, മറ്റുള്ള ഘടകങ്ങൾ പോലെ തന്നെ, അവരുടെ ശക്തിയുടെ അടിത്തറയായി വർത്തിക്കുന്നു. അതുകൊണ്ടാണ് മുസ്ലീങ്ങൾ സമയത്തിനൊത്ത് ഉയരണമെന്നും വിവിധ

ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ തങ്ങളുടേതായ സംഭാവനകൾ നൽകണമെന്നും പറയുന്നത്. സത്യത്തിൽ, സംഭാവന നൽകുന്നതിന് പല വഴികൾ ഉണ്ട്, എന്നാൽ എല്ലാത്തിനും ഉപരി, നമ്മുടെ മക്കളെ എഴുത്തും വായനയും പഠിപ്പിക്കുക എന്നതാണ് പ്രധാനപ്പെട്ടത്. ധൈര്യം, സത്യസന്ധത, ധർമ്മനിഷ്ഠത, കാര്യണ്യം, വിജ്ഞാനത്തിനോടുള്ള സ്നേഹം, ക്ഷമ തുടങ്ങിയ നല്ല മൂല്യങ്ങൾ കുട്ടികളുടെ ഹൃദയത്തിൽ നിറയുന്നതിന് എഴുത്തും വായനയും സഹായിക്കുന്നു.

അതിനാൽ, വായനയുടെ പ്രയോജനങ്ങളിലേക്ക് നമുക്ക് നമ്മുടെ കുഞ്ഞുങ്ങളെ കൈപിടിച്ച് നടത്താം, കുഞ്ഞുങ്ങൾ വായിക്കുന്ന പുസ്തകങ്ങൾ സമ്മാനമായി നൽകിക്കൊണ്ട് നമുക്ക് അവരിൽ വായനാശീലം വളർത്താം. പുസ്തകത്തിന്റെ മൂല്യം കുട്ടികൾക്ക് മനസ്സിലാക്കുന്നതിന് അവർക്കിടയിൽ മത്സരങ്ങളും സംഘടിപ്പിക്കാവുന്നതാണ്.

ജീവിച്ചിരിക്കുന്നവർക്ക് മാത്രം പ്രയോജനപ്പെടുന്ന പുസ്തകങ്ങളല്ല നല്ല പുസ്തകങ്ങൾ. ഒരു നല്ല പുസ്തകം, മരിച്ചതിന് ശേഷവും ഒരു മനുഷ്യന് ഗുണകരമായി വർത്തിക്കണം. പ്രവാചകന്റെ (സ്വ) ഹദീസിൽ ഇങ്ങനെ പറയുന്നു, (ഒരു മനുഷ്യൻ മരിക്കുമ്പോൾ, മൂന്ന് കാര്യങ്ങളൊഴികെ അവന്റെ പ്രവൃത്തികളെല്ലാം അന്ത്യത്തിലെത്തുന്നു: സാദക്ക ജാരിയ (അന്ത്യമില്ലാത്ത കാരുണ്യപ്രവൃത്തി); പ്രയോജനപ്രദമായ വിജ്ഞാനം അല്ലെങ്കിൽ (മരിച്ച) അവന് വേണ്ടി പ്രാർത്ഥിക്കുന്ന ധർമ്മിഷ്ഠനായ ഒരു പിന്തുടർച്ചക്കാരൻ. കുട്ടികൾക്കൊപ്പം നാം കളിക്കുന്നത് പോലെ, ദിവസത്തിൽ കുറച്ച് സമയമെങ്കിലും കുട്ടികൾക്ക് നാം വായിച്ച് കൊടുക്കണം (വായിച്ച് കൊടുക്കുന്നതിന് നാം എടുക്കുന്ന സമയം ചെറുതായിരിക്കാം, എന്നാൽ കുട്ടികളിൽ ഇതുണ്ടാക്കുന്ന പ്രഭാവം വളരെക്കാലത്തേക്ക് നീണ്ടുനിൽക്കും). വായിക്കുന്നതിന് നമ്മൾ കുട്ടികൾക്ക് സമയം ഒരുക്കിക്കൊടുക്കണം, അങ്ങനെ കളിക്കുന്നത് പോലെതന്നെ വായനയും അവർക്ക് പ്രിയപ്പെട്ട പ്രവൃത്തിയാകും. ഇങ്ങിനെ കുട്ടികൾ പുസ്തകങ്ങളെ കുറിച്ച് അവബോധം ഉണ്ടാവുകയും പുസ്തകങ്ങൾ വാങ്ങിനൽകാൻ നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യും.

പ്രിയ മാതാപിതാക്കളേ, പുസ്തകങ്ങളെ സ്നേഹിക്കുന്നതിനും വിലമതിക്കുന്നതിനും കുഞ്ഞുങ്ങളോട് ആവശ്യപ്പെടുക, കുട്ടികൾക്ക് നമ്മൾ നൽകുന്ന കരുതലിന്റെ പ്രധാനപ്പെട്ട ഭാഗമാണിത്. നബി തിരുമേനി (സ്വ) പറയുന്നു, (നിങ്ങളിൽ ഓരോരുത്തരും രക്ഷിതാവാണ്, കൈവശം ഉള്ളതിന്റെ ഉത്തരവാദിത്തം നിങ്ങൾക്കാണ്).

വിശ്വാസത്തിൽ സഹോദരരേ!

ചെറിയ കുട്ടികളെ വായിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം സ്വയം ഒരു മാതൃകയാവുന്നതാണ്, മാതാപിതാക്കൾ വായിക്കുന്നില്ലെങ്കിൽ കുഞ്ഞുങ്ങളും വായിക്കാൻ മടികാണിക്കും. പരമശക്തനായ അല്ലാഹു പറയുന്നു, [സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു?] (സൂറത്ത് അൽ സ്വഫ്ഫ് 2).

പ്രിയ പിതാക്കളേ, നിങ്ങൾക്കും കുട്ടികൾക്കും പ്രയോജനപ്രദമാകുന്ന പുസ്തകങ്ങൾ മനസ്സിരുത്തി തിരഞ്ഞെടുക്കാൻ നിങ്ങൾ ഒരൽപ്പസമയം ചെലവിടണം. എത്ര ചെറുതായാലും നിങ്ങളുടെ വീട്ടിൽ ഒരു ലൈബ്രറി വേണം, എങ്കിലേ, നിങ്ങൾക്കും കുടുംബാംഗങ്ങൾക്കും പുസ്തകം വായിക്കുന്നതിനുള്ള പ്രചോദനം ഉണ്ടാവുകയുള്ളൂ. ഫലത്തിൽ, പുസ്തകം വാങ്ങുകയും അതിൽ നിന്നുള്ള വിവരങ്ങൾ പരമാവധി മനസ്സിലാക്കുകയുമാണ് അറിവിലേക്കുള്ള ആദ്യ പടി. പ്രവാചകൻ പറയുന്നു, (വിജ്ഞാനം ആർജ്ജിക്കുന്നതിനുള്ള പാതയിൽ സഞ്ചരിക്കുന്നവന് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് അല്ലാഹു എളുപ്പമാക്കുന്നു). അല്ലാഹുവിന്റെ

ദാസരേ, നമ്മൾ വായിച്ചുകഴിഞ്ഞ പുസ്തകങ്ങൾ മറ്റുള്ളവർക്ക് വായിക്കുന്നതിന് നൽകിക്കൊണ്ട് വിജ്ഞാനദാഹികളെയും സാധാരണക്കാരെയും സഹായിക്കുന്നത് നിരന്തരമായ ധർമ്മപ്രവൃത്തിയാക്കുക. ഇതും സമൂഹത്തിൽ വായനാശീലം വളർത്തും. സത്യത്തിൽ, മനുഷ്യസ്നേഹികളായ കുറച്ചുപേർക്ക് ഒത്തുചേരുകയും, അയൽക്കൂട്ടങ്ങൾക്ക് വായിക്കുന്നതിന് ഒരു ചെറിയ ലൈബ്രറി ഒരുക്കിക്കൊടുക്കുകയും ചെയ്യാവുന്നതാണ്. പുസ്തകം വാങ്ങിക്കാൻ കഴിവില്ലാത്തവർക്ക് ഇത്തരം ലൈബ്രറികൾ ആശ്വാസകേന്ദ്രങ്ങളായി മാറും. ചെറിയ കുട്ടികൾക്കുള്ള പുസ്തകങ്ങൾ കൂടി ഇത്തരം ലൈബ്രറികളിൽ ഉൾപ്പെടുത്തുകയാണെങ്കിൽ കുട്ടികൾക്കും ഏറെ പ്രയോജനപ്പെടും.

അതുകൊണ്ട്, അല്ലാഹുവിന്റെ ദാസരേ, അല്ലാഹുവിനെ ഭയപ്പെടുക, വായനയുടെ ഗുണഫലങ്ങൾ കുഞ്ഞുങ്ങൾക്ക് പ്രയോജനപ്പെടുന്നതിന് അവരെ വായിക്കാൻ പ്രചോദിപ്പിക്കുക. വായനയിലും നല്ല പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിലും കുട്ടികൾക്കൊരു മാതൃകയായിരിക്കുക. യഥാർത്ഥത്തിൽ, ഇങ്ങനെയാണ് കുഞ്ഞുങ്ങൾക്ക് ശോഭനവും സന്തോഷകരവുമായ ഒരു ഭാവി ഉണ്ടാകുന്നതിന് വഴി വെട്ടിത്തെളിക്കേണ്ടത്.

എനിക്കും നിങ്ങൾക്കും ലോകത്തിലെ മറ്റ് മുസ്ലീങ്ങൾക്കും വേണ്ടി അല്ലാഹുവിൽ നിന്ന് ഞാൻ മാപ്പപേക്ഷിക്കുന്നു. മാപ്പുനൽകുന്നവനും ദയാപരനുമാണ് അല്ലാഹു. മാപ്പപേക്ഷിക്കുന്ന നിങ്ങളോട് അവൻ പ്രതികരിക്കും. മാപ്പ് അപേക്ഷിക്കുന്നവരെ അവനൊരിക്കലും കൈവിടില്ല, ദയാനിധിയാണ് അവൻ.

******************************************

പേനാ കൊണ്ട് പഠിപ്പിച്ചവനും മനുഷ്യനറിയാത്തത് അവനെ പഠിപ്പിച്ചവനുമായ അല്ലാഹുവിന് എല്ലാ സ്തുതിയും. അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ലെന്നതിനും പങ്കാളിയില്ലാത്ത ഒരൊറ്റ ദൈവമാണ് അവനെന്നതിനും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിന്റെ ആദരണീയനായ ദാസനും ദൂതനുമാണ് നബി തിരുമേനിയെന്നതിനും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവനാണ് എല്ലാ മനുഷ്യരുടെയും മാർഗ്ഗനിർദ്ദേശകൻ, അവനാണ് മനുഷ്യരുടെ പ്രബോധകൻ. മുഹമ്മദ് നബിയിലും (സ്വ) അവന്റെ കുടുംബാംഗങ്ങളിലും അനുയായികളിലും ആത്മാർത്ഥതയോടെ അവന്റെ ബോധനങ്ങൾ പിന്തുടർന്നവരിലും, ഉയിർത്തെഴുന്നേൽപ്പിന്റെ നാൾ വരെ അല്ലാഹു സമാധാനവും ബഹുമതിയും ചൊരിയട്ടെ.

പ്രിയ മുസ്ലീങ്ങളേ!

എഴുതാനും വായിക്കാനും സ്വയം പഠിച്ചവരെയും വിപുലമായ വായനയ്ക്കായി സ്വയം സമർപ്പിച്ചിട്ടുള്ളവരെയും പഠനത്തിന്റെ ഓരോ അവസരവും ഉപയോഗപ്പെടുത്തുന്നവരുമായ വ്യക്തികളെ ഈ പ്രസംഗവേദിയിൽ നിന്നുകൊണ്ട് ഞാൻ അഭിനന്ദിക്കുന്നു. എവിടെയെങ്കിലും ഒരു പുസ്തകോത്സവമോ ഏതെങ്കിലും വിജ്ഞാനമേഖലയിൽ ഒരു പരിശീലനക്കളരിയോ ഉണ്ടെന്നറിഞ്ഞാൽ സന്ദർശകരായോ പങ്കെടുക്കുന്നവരായോ ഇത്തരക്കാർ അവിടെ എത്തിയിരിക്കും. സ്വയം ഒരു ലക്ഷ്യം ഉന്നമിടുകയും അത് കൈവരിക്കുന്നതിലേക്ക് നയിക്കുന്ന എല്ലാ വഴികളും പിന്തുടരുകയും ചെയ്യുന്ന തരത്തിലുള്ള വ്യക്തികളാണിവർ. ഇത്തരക്കാർ എത്ര നന്നായിട്ടാണ് സ്വയം ശ്രദ്ധിക്കുന്നത്! [ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും] (സൂറത്ത് അൽ നഹ്ൽ 97).

"

ഇതിന് നേർവിപരീതമായി, ഉന്മേഷം പകരുന്ന പാനീയങ്ങൾ, ഏറ്റവും പുതിയ വസ്ത്രങ്ങൾ, സുഖപ്രദമായ വീട്, ആഡംബര കാർ തുടങ്ങിയ ഭൗതിക പൂർണ്ണതയാണ് ചില ആളുകളുടെ പ്രധാന ലക്ഷ്യം. എന്തെങ്കിലും വാക്കുകളോ വിവേകം പകരുന്ന ഉദ്ധരണികളോ ശാസ്ത്രീയമോ നിയമപരമോ ആയ കാര്യങ്ങളോ എഴുതാൻ ഇത്തരക്കാർ പേന തൊടുകയേ ഇല്ല. സ്വന്തം കാര്യം മാത്രം നോക്കുകയും ആത്മീയ പോഷണത്തിന് ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്ന തരത്തിലുള്ള കൂട്ടരാണിവർ. അതിനാൽ, വിശുദ്ധ ഖുറാൻ വായിക്കുന്നത് ഇവർ ഒഴിവാക്കുന്നു, [(അന്ന്) റസൂൽ പറയും: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത ഈ ഖുറാനിനെ അഗണ്യമാക്കി തള്ളിക്കളഞ്ഞിരിക്കുന്നു] (സൂറത്ത് അൽ ഫുർഖാൻ 90).

പ്രിയ യുവാക്കളേ, എന്തുതരത്തിലുള്ള സ്വയ ശ്രദ്ധയാണ് നിങ്ങൾ നൽകുന്നത്, വിശ്വാസം ദൃഢമാക്കുന്നതിനും നിങ്ങളുടെ സംസ്കാരം വികസിപ്പിക്കുന്നതിനും എന്തൊക്കെ വഴികളാണ് നിങ്ങൾ പിന്തുടരുന്നത്? (ഓരോരുത്തർക്കും നൽകാനുള്ളത് നിങ്ങൾ നൽകേണ്ടതുണ്ട്) എന്ന് നബി തിരുമേനി പറഞ്ഞത് നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ?

അല്ലാഹുവിന്റെ പ്രിയ ദാസരേ, അല്ലാഹുവിനെ ഭയപ്പെടുക, നിങ്ങൾക്കും കുഞ്ഞുങ്ങൾക്കും നല്ല പുസ്തകങ്ങൾ തിരഞ്ഞെടുക്കുക. വായനയിൽ കുഞ്ഞുങ്ങൾക്ക് മാതൃകകളാവുക, വായിക്കാൻ പുസ്തകങ്ങൾ നൽകുന്നത് ഒരു ധർമ്മപ്രവൃത്തിയായി മാറ്റുക. നമ്മോട് മഹത്വപൂർണ്ണനും ആരാധ്യനുമായ അല്ലാഹു വിളിച്ചപേക്ഷിക്കാൻ പറഞ്ഞ അഭ്യർത്ഥന നമുക്കെല്ലാവർക്കും വിളിച്ചപേക്ഷിക്കാം, "അല്ലാഹുവേ, എന്റെ അറിവ് വർദ്ധിപ്പിക്കുക, അല്ലാഹുവേ, എന്റെ അറിവ് വർദ്ധിപ്പിക്കുക, അല്ലാഹുവേ, എന്റെ അറിവ് വർദ്ധിപ്പിക്കുക".

അല്ലാഹുവേ, സന്ദേശവാഹകരുടെ നേതാവായ മുഹമ്മദ് നബിയിൽ (സ്വ) അങ്ങയുടെ അനുഗ്രഹം ചൊരിയുക, കാരണം വിശുദ്ധ പുസ്തകത്തിൽ അല്ലാഹു ഇങ്ങനെ പറയുന്നു: [തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് (സ്വ) കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക] (സൂറത്ത് അൽ അഹ്സാബ് 56).

അല്ലാഹു! അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും (സ്വ) അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിയേണമേ. അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിയേണമേ. നീ മാത്രമാണ് ആരാധനയ്ക്ക് അർഹനും ഏറ്റവും ശ്രേഷ്ഠനും.

ധർമ്മനിഷ്ഠരായ ഖലീഫയുടെയും അവന്റെ കുടുംബത്തിന്റെയും അനുയായികളുടെയും വിശ്വാസികളുടെയും മേൽ അന്തിമ വിധി ദിവസം വരെയും നീ കരുണ ചൊരിയണേ. ഞങ്ങളിലും കരുണ ചൊരിയണേ. അല്ലാഹു, നീയാണ് ഏറ്റവും ദയാപരൻ.

അല്ലാഹു! ഇവിടെ കൂടിയിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണേ, ഞങ്ങളെ സമാധാനത്താൽ പ്രസരിപ്പിക്കണേ, പാപത്തിൽ നിന്ന് പരിരക്ഷിക്കണേ, ഞങ്ങളുടെ മതത്തിൽ ഞങ്ങൾക്ക് പോരായ്മകളൊന്നും തോന്നിക്കരുതേ.

അല്ലാഹു! മാർഗ്ഗനിർദ്ദേശവും ഭക്തിയും പരിശുദ്ധിയും ധനവും തന്ന് ഞങ്ങളെ അനുഗ്രഹിക്കണേ.

അല്ലാഹു! സത്യസന്ധമായ നാവും പാപബോധമുള്ളതും വിനയമുള്ളതുമായ ഹൃദയവും ധർമ്മനിഷ്ഠമായ പ്രവൃത്തികളും ഉപയോഗപ്രദമായ അറിവും ഉറച്ചതും പരിശുദ്ധവുമായ വിശ്വാസവും നിയമപരമായ ഉപജീവനമാർഗ്ഗവും തന്ന് ഞങ്ങളിൽ ഓരോരുത്തരെയും അനുഗ്രഹിക്കണേ. അല്ലാഹു, നീ മാത്രമാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഇസ്ലാമിനും മുസ്ലീങ്ങൾക്കും യശസ്സ് തരേണമേ. ഇസ്ലാമിനും മുസ്ലീങ്ങൾക്കും പിന്തുണയും ഐക്യവും നൽകണേ. അല്ലാഹു! സ്വേച്ഛാധിപതികളെയും അവിശ്വാസികളെയും താഴ്ത്തണേ. അല്ലാഹു! ഞങ്ങൾ എല്ലാ ദാസർക്കും സമാധാനവും സുരക്ഷയും നൽകണേ.

അല്ലാഹു! ഞങ്ങളുടെ മാതൃരാജ്യത്തിന് സുരക്ഷിതത്വം നൽകണേ! ഞങ്ങളുടെ മാതൃരാജ്യത്തിൽ ഞങ്ങൾക്ക് നീണ്ട സുരക്ഷയും സ്ഥിരതയും നൽകണേ! ഞങ്ങളുടെ സുൽത്താന് യശസ്സ് നൽകണേ, സത്യ പിന്തുണ നൽകിക്കൊണ്ടും സത്യത്തിലേക്ക് നയിച്ചുകൊണ്ടും ഞങ്ങളുടെ സുൽത്താനെ സഹായിക്കണേ.

അല്ലാഹു! ആകാശത്തിൽ നിങ്ങൾക്കായി മഴയെ അയയ്ക്കണേ, രാത്രിയും പകലും നിന്നെ ഓർക്കുന്നവരായും പ്രഭാതത്തിലും സായാഹ്നത്തിലും നിന്റെ മാപ്പിന് അപേക്ഷിക്കുന്നവരായും ഞങ്ങളെ മാറ്റണേ.

അല്ലാഹു! ആകാശത്തിന്റെ അനുഗ്രഹങ്ങളും ഭൂമിയുടെ ഔദാര്യവും ഞങ്ങളിൽ ചൊരിയണേ. ഞങ്ങളുടെ ഫലങ്ങളും വിളകളും ഞങ്ങളുടെ ഉപജീവനമാർഗ്ഗവും അനുഗ്രഹിക്കണേ. അല്ലാഹു, നീയാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഈ ലോകത്തിലും പരലോകത്തിലും ഞങ്ങൾക്ക് നല്ലത് തരേണമേ, അഗ്നി ശിക്ഷയിൽ നിന്ന് ഞങ്ങളെ പരിരക്ഷിക്കണേ."

നീ നിർദ്ദേശിച്ചതിൽ നിന്ന് ഞങ്ങളുടെ ഹൃദയങ്ങൾ വ്യതിചലിക്കാൻ അനുവദിക്കരുതേ, നിന്റെ കരുണ ഞങ്ങളിൽ ചൊരിയേണമേ, തീർച്ചയായും നീ മാത്രമാണ് അനുഗ്രഹം ചൊരിയുന്നവൻ.

അല്ലാഹു! ഞങ്ങൾ ഞങ്ങളോട് തന്നെ തെറ്റുചെയ്തവരാണ്. നീ മാപ്പ് തരികയും ദയ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ പരാജിതരാകും."

അല്ലാഹു! ജീവിക്കുന്നവരും മരിച്ചവരുമായ, വിശ്വാസികളായ എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും മാപ്പ് നൽകണേ. നീ മാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നവനും അനുഗ്രഹങ്ങൾ നൽകുന്നവനും.

അല്ലാഹുവിന്റെ ദാസരേ! [തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു]